➪ *ഞാനുൾപ്പെടെയുള്ള പരിസ്ഥിതി പ്രവർത്തകരുടെ ഗതികേട് എന്നെ ദുഃഖിപ്പിക്കുന്നു* ➪

### ഗാഡ്ഗിൽ റിപ്പോർട്ട്:

# ഒരു പരിസ്ഥിതി പ്രവർത്തകൻ കുമ്പസാരിക്കുന്നു

മത–രാഷ്ട്രീയ പൗരോഹിത്യങ്ങൾക്ക് മലയോരജനതയെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്നതെന്തുകൊണ്ടാണ്? ഇന്ത്യയിലെ തന്നെ ഏറ്റവും വിദ്യാസമ്പന്നരായ കർഷകജനത കേരളത്തിലായിരുന്നിട്ടും, അച്ചടി–ദൃശ്യ മാധ്യമങ്ങൾ എല്ലാ കർഷക കുടുംബങ്ങളിലുമെത്തിയിട്ടും ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെയുള്ള കുപ്രചരണങ്ങൾ വിജയിക്കുന്നതെന്തുകൊണ്ടാണ്?

**സണ്ണി പൈകട**

**കഴിഞ്ഞ** മുപ്പതുവർഷമായി പരിസ്ഥിതി പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന ഒരു മലയോര കർഷകനാണ് ഞാൻ. പരിസ്ഥിതി നാശത്തിനെതിരായി നടന്നിട്ടുള്ള പല സമരങ്ങളിലും പങ്കാളിയാവാനും ചില സമരങ്ങൾക്ക് മുൻകൈയെടുക്കാനും അവസരമുണ്ടായിട്ടുണ്ട്. പ്രകൃതിസംരക്ഷത്തിനായുള്ള നിർമ്മാണാത്മകമായ ചില ഉദ്യമങ്ങളും പങ്കുവഹിച്ചിട്ടുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ കേരളത്തിൽ നടക്കുന്ന സംഭവങ്ങളെ എന്റെ ബോധ്യങ്ങളിൽ നിന്ന് ഒന്ന് വിശകലം ചെയ്യുകയാണ്.

തൊണ്ണൂറു ശതമാനവും സ്വീകാര്യമായ ഗാഡ്ഗിൽ റിപ്പോർട്ടിനെതിരെ മലയോരമേഖലയിൽ പടർന്നുകൊണ്ടിരിക്കുന്ന ആശങ്കകൾ എന്നെ അസ്വസ്ഥനാക്കുന്നു. ഇത്തരമൊരു സാഹചര്യത്തിൽ കാര്യമായൊന്നും ഇടപെടാനോ ജനങ്ങളെ യാഥാർത്ഥ്യം ബോധ്യപ്പെടുത്താനോ ആവാതെ കാഴ്ചക്കാരായി നിൽക്കേണ്ടിവരുന്ന ഞാനുൾപ്പെടെയുള്ള പരിസ്ഥിതി പ്രവർത്തകരുടെ ഗതികേട് എന്നെ ദുഃഖിപ്പിക്കുന്നു. ആത്മസംതൃപ്തിക്കുവേണ്ടി പരിസ്ഥിതിപ്രവർത്തകർ ഈ വിഷയത്തിൽ നടത്തിയിട്ടുള്ള ചില ചെറുപ്രതികരണങ്ങളിൽ പങ്കാളിയായിട്ടുണ്ടെങ്കിലും, അതൊന്നും മലയോര ജനതയുടെ ചിന്താഗതിയിൽ നേരിയ തോതിലുള്ള സ്വാധീനം ചെലുത്താൻ പോലും പര്യാപ്തമല്ലായിരുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. ഇവിടെ ഞാൻ എന്നോട് തന്നെ ചില ചോദ്യങ്ങൾ ചോദിക്കുകയാണ്. എന്തുകൊണ്ടാണ് മത-രാഷ്ട്രീയ പൗരോഹിത്യങ്ങൾക്ക് മലയോരജനതയെ തെറ്റിദ്ധരിപ്പിക്കാൻ കഴിയുന്നത്? ഇന്ത്യയിലെ തന്നെ ഏറ്റവും വിദ്യാസമ്പന്നരായ കർഷകജനത കേരളത്തിലേതാണെന്നിരിക്കെ, വളരെ സജീവമായ അച്ചടി-ദൃശ്യ മാധ്യമങ്ങളുടെ സാന്നിദ്ധ്യം എല്ലാ കർഷക കുടുംബങ്ങളിലുമുണ്ടെന്നിരിക്കെ ആടിനെ പട്ടിയാക്കുന്ന പ്രചരണം ഈ വിധത്തിൽ വിജയിച്ചുകൊണ്ടിരിക്കുന്നതിന്റെ രഹസ്യമെന്ത്? ചെറുതും വലുതുമായ പരിസ്ഥിതിസംഘടനകളും നേതാക്കളും പ്രസിദ്ധീകരണങ്ങളും കണ്ണലെണ്ണയൊഴിച്ച് പ്രകൃതിസംരക്ഷണത്തിനായി നിലകൊള്ളുന്ന കേരളത്തിൽ അവരുടെ വാക്കുകൾക്ക് കർഷകജനത ചെവി കൊടുക്കാത്തതെന്തുകൊണ്ടാണ്? പ്രകൃതിസംരക്ഷണത്തിന്റെ പ്രധാന്യം

ഈ ലേഖനത്തിൽ സൂചിപ്പിച്ച വിഷയങ്ങൾ ചർച്ചചെയ്യുന്നതിനായി പരിസ്ഥിതി പ്രവർത്തകരുടെയും സ്വതന്ത്രകർഷക സംഘടനകളുടെയും യോഗം 2013 നവംബർ 22ന് കോട്ടയം ജില്ലയിലെ പൂഞ്ഞാർ ഭൂമികയിൽ വച്ച് നടക്കുന്നു. ബന്ധങ്ങൾക്ക്: 9446234997.



മുഖ്യന്ത്രി ഉമ്മൻ ചാണ്ടി, മന്ത്രിമാരായ കെ.പി. മോഹനൻ, കെ.എം. മാണി എന്നിവർ കസ്തൂരിരംഗനോടൊപ്പം

മനസ്സിലാക്കാൻ തക്കബുദ്ധിപരമായ വളർച്ചയില്ലാത്ത വെറും കിഴങ്ങുതീനികളാണോ മലയോര ജനത? ജൈവകൃഷിരീതികളും മറ്റും ആവേശപൂർവ്വം ഏറ്റെടുക്കുന്ന മലയോര ജനത എന്തുകൊണ്ടാണ് പശ്ചിമഘട്ട സംരക്ഷണകാര്യത്തിൽ പുറം തിരിഞ്ഞുനിൽക്കുന്നത്? ഇത്തരം ചോദ്യങ്ങളാണ് ചില തുറന്നുപറച്ചിലുകൾ നടത്താൻ എന്നെ പ്രേരിപ്പിക്കുന്നത്. അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ രണ്ട് നിരീക്ഷണങ്ങളാണ് പ്രധാനമായും ഞാനിവിടെ സൂചിപ്പിക്കുന്നത്. ഒന്നാമത്തെ കാര്യം പരിസ്ഥിതി പ്രവർത്തകർക്ക് മലയോരജനതയുടെ മനസ്സിൽ കാര്യമായ വിശ്വാസ്യതയോ സ്വീകാര്യതയോ ഇല്ല എന്നതാണ്. രണ്ടാമത്തെ കാര്യം, കേരളീയ ജനസമൂഹത്തിന്റെ ഗണ്യമായ ഒരു പങ്കിന്റെ ജീവിതത്തെ നേരിട്ട് സ്വാധീനിക്കുന്ന ഒരു വിഷയത്തിൽ അവരുടെ ഇടയിൽ ഇറങ്ങി പ്രവർത്തിച്ച് സത്യം ബോധ്യപ്പെടുത്താനുള്ള യാഥാർത്ഥ്യബോധമോ നയതന്ത്രജ്ഞതയോ ആത്മവിശ്വാസമോ ഇനിയും കേരളത്തിലെ പരിസ്ഥിതി പ്രവർത്തകർ ആർജ്ജിച്ചിട്ടില്ല. ഞാനുൾപ്പെടെയുള്ള പരിസ്ഥിതി പ്രവർത്തകരെക്കുറിച്ച് ആത്മവിമർശനപരമായി പ്രകടിപ്പിക്കുന്ന ഈ നിരീക്ഷണങ്ങളോട് പരിസ്ഥിതി സംരക്ഷണരംഗത്തെ സുഹൃത്തുകളേറെയും യോജിക്കില്ലായെന്നെനിക്കറിയാം. എങ്കിലും എന്റെ ഈ ബോധ്യങ്ങൾക്ക് ആധാരമായ ചില കാര്യങ്ങൾ എനിക്ക് വിശദീകരിക്കാനുണ്ട്.

കേരളത്തിന്റെ പൊതുമനസ്സ് കർഷകരെ മാനിക്കുന്ന ഒന്നല്ല. പരിസ്ഥിതി പ്രവർത്തകർ കൃഷിയെക്കുറിച്ച് വളരെ കാൽപ്പനികമായി സംസാരിക്കുമെങ്കിലും അവരിലേറിയ പങ്കിന്റെയും ഉപജീവനമാർഗ്ഗം കൃഷിയല്ലതാനും. നെൽ കർഷകർ ഒഴികെയുള്ള കർഷകരെ, പ്രത്യേകിച്ചും നാണ്യവിളകൾ കൃഷി ചെയ്യുന്ന മലയോര കർഷകരെക്കുറിച്ചുള്ള മിക്ക പരിസ്ഥിതിപ്രവർത്തകരുടെയും മുൻവിധി അവർ വനം കയ്യേറ്റക്കാർ ആണ് എന്നതാണ്. ഈ മുൻവിധിയോടെയുള്ള പ്രതികരണങ്ങളും നിലപാടുകളും ഞാൻ എത്രയോ തവണകണ്ടിരിക്കുന്നു കേട്ടിരിക്കുന്നു. എന്നാൽ മലയോര കർഷകർ വെട്ടിവെളുപ്പിച്ചതിലുമധികം വനം വൻകിടപ്ലാന്റേഷനുകൾക്കുവേണ്ടിയും സർക്കാരിന്റെ വൻകിടപദ്ധതികൾക്കുവേണ്ടിയും നശിപ്പിക്കപ്പെട്ടിട്ടുണ്ടെന്ന യാഥാർത്ഥ്യം ചില പരിസ്ഥിതി പ്രവർത്തകർ കണ്ടില്ലെന്നു നടിക്കയാണ്. മാത്രവുമല്ല മലയോരങ്ങളിലേക്കുള്ള കുടിയേറ്റം ആദ്യഘട്ടത്തിൽ നടന്നത് അക്കാലത്തെ ഭരണ കർത്താക്കളുടെ പിൻബലത്തോടെയും പ്രേരണയോടെയുമായിരുന്നു എന്നതും ഓർക്കേണ്ടതാണ്. ആദ്യകാല കുടിയേറ്റക്കാർ സഹിച്ചിട്ടുള്ളയാതനകളും പലരും ഉൾക്കൊള്ളുന്നില്ല. അവരുടെ മക്കളും കൊച്ചുമക്കളുമടങ്ങുന്ന ഇന്നത്തെ മലയോര ജനത ഇടനാട്ടിലും തീരമേഖലകളിലുമായിരുന്നു പെറ്റ് പെരുകിയിരുന്നത് എങ്കിൽ ആ മേഖലകളിലെ സാമൂഹിക സാമ്പത്തിക പാരിസ്ഥിതിക സമ്മർദ്ദം എത്രയാകുമായിരുന്നു എന്നതും ആലോചിക്കേണ്ടതാണ്.

ഇടനാട്ടിലും തീരപ്രദേശങ്ങളിലും അധിവസിക്കുന്നവരുടെ കൈകൾ പാരിസ്ഥിതികമായി ശുദ്ധമാണോ എന്നതും ആലോചിക്കേണ്ടതാണ്. പാടങ്ങൾ വൻതോതിൽ നികത്തിയതും നദികളുടെയും കടലിന്റെയും തീരങ്ങൾ വൻതോതിൽ കയ്യേറിയവരും മലയോരജനതയല്ലല്ലോ. അവരോടില്ലാത്ത പാരിസ്ഥിതികകാർക്കശ്യം എന്തിനാണ് മലയോരവാസികളോട് ചില പരിസ്ഥിതിക്കാർ വച്ചുപുലർത്തുന്നത്. പാടം നികത്തി വീടുകളും, വിദ്യാലയങ്ങളും കളിസ്ഥലങ്ങളും മറ്റും കെട്ടിപ്പൊക്കിയവരെയും തീരങ്ങൾ കയ്യേറി കോൺക്രീറ്റ് കാടുകൾ വളർത്തിയവരെയും കുടിയൊഴിപ്പിച്ച് പാടങ്ങളും തീരങ്ങളും പൂർവ്വസ്ഥിതിയിലാക്കണമെന്ന് ആരും നിലപാടെടുക്കുന്നില്ലല്ലോ. സംഭവിച്ചുപോയ പാരിസ്ഥിതികമായ ചില ശരികേടുകളെ

മലയോരകർഷകർ വിയർപ്പുചിന്തി ഒരു ഹരിതമേലാപ്പ് എങ്കിലും വളർത്തിയവരാണ്. എന്നാൽ പാടം നികത്തിയവരും തീരങ്ങൾ കയ്യേറിയവരും വളർത്തിയത് കോൺക്രീറ്റ് കാടാണെന്നും, ചിലരെങ്കിലും അത്തരം കോൺക്രീറ്റ് കാടുകളിൽ തപസ്സു ചെയ്തു കൊണ്ടും, തൊഴിലെടുത്തുകൊണ്ടുമാണ് ഹരിത വിചാരങ്ങൾ പ്രസരിപ്പിക്കുന്നത് എന്നതും മലയോരജനത മനസ്സിലാക്കുന്നുണ്ട്. മാത്രവുമല്ല കൃഷിയെക്കുറിച്ച് ഏറെ കാൽപ്പനികമായി സംസാരിക്കുന്നവരിൽ ആരും തന്നെ സ്വന്തം മക്കളിലാർക്കെങ്കിലും രണ്ടേക്കർ സ്ഥലം വാങ്ങി നൽകി പ്രകൃതി സൗഹൃദപരമായി കൃഷി ചെയ്ത് ജിവിക്കാൻ പ്രേരിപ്പിക്കുന്ന കാഴ്ച ഈ ഭൂമിമലയാളത്തിൽ ഇന്നുവരെ കണ്ടിട്ടില്ല. ഓർക്കുക; ഉദ്യോഗസ്ഥരും സംഘടിതതൊഴിലാളികളും, സംഘടിതരായ വ്യാപാരി വ്യവസായി സമൂഹവും, അസംഘടിതരായ കർഷരുമെല്ലാം അടങ്ങുന്നതാണ് കേരളീയ സമൂഹം. ഈ സമൂഹം കമ്പോളം അഴിച്ചുവിടുന്ന ഉപഭോഗമോഹങ്ങളുടെ ഒരേ പ്രവാഹത്തിലാണ് നീന്തിത്തുടിക്കുന്നത്. ഏതെങ്കിലും ഒരു ജനവിഭാഗം മാത്രം ഈ പ്രവാഹത്തിനെതിരെ നിലകൊള്ളണമെന്ന് മറ്റ് ജനവിഭാഗങ്ങൾ പറയുന്നതിലർത്ഥമില്ല. നിങ്ങൾ മലയോരജനത മുഴുവൻ സമൂഹത്തിനും വേണ്ടി വലിയ വീടുവയ്ക്കാനും മുന്തിയ ഇനം കാറുവാങ്ങാനും, ആധുനിക ഗൃഹോപകരണങ്ങൾ സ്വന്തമാക്കാനും  നല്ല ഗതാഗത സൗകര്യങ്ങൾ അനുഭവിക്കാനുമൊക്കെയുള്ള മോഹങ്ങൾ മാറ്റിവയ്ക്കണമെന്ന് മറ്റ് ജനവിഭാഗങ്ങൾ ഗാഡ്ഗിൽ റിപ്പോർട്ടിലൂടെ പറയുന്നതായാണ് അവർക്ക് തോന്നുന്നത്. അങ്ങനെയല്ല എന്നവരെ ബോധ്യപ്പെടുത്താനുള്ള സ്വീകാര്യതയും വിശ്വാസ്യതയും ജീവിതം കൊണ്ടും നിലപാടുകൾകൊണ്ടും കേരളത്തിലെ പരിസ്ഥിതി പ്രവർത്തകരിലെ പ്രാമാണിക വിഭാഗം ആർജ്ജിച്ചിട്ടില്ലായെന്നിടത്താണ് മലയോരജനത മത-രാഷ്ട്രീയ പൗരോഹിത്യങ്ങൾക്ക് ചെവികൊടുക്കുന്നത് എന്ന സത്യം നമ്മൾ പരിസ്ഥിതി പ്രവർത്തകർ ഇനിയെങ്കിലും അംഗീകരിക്കണം.

ഇനി എന്റെ രണ്ടാമത്തെ നിരീക്ഷത്തിന്റെ അടിസ്ഥാനമെന്തെന്ന് വിശദീകരിക്കാം. വലിയൊരു മേഖലയിലെ ലക്ഷക്കണക്കിന് കുടുംബങ്ങളെ ദീർഘകാലാടിസ്ഥാനത്തിൽ ബാധിക്കുന്ന ഒരു വിഷയത്തിൽ യുക്തിസഹമായി ഇടപെടാനുള്ള തന്ത്രജ്ഞതയോ ആത്മവിശ്വാസമോ യാഥാർത്ഥ്യബോധമോ സാമൂഹികമായ ചില ശരികളായി അംഗീകരിക്കേണ്ടിവരുന്ന അനിവാര്യത മൂലമാണിങ്ങനെ നിലപാടെടുക്കാൻ കഴിയാത്തത്. എന്നാൽ മലയോരകർഷകരുടെ കാര്യത്തിൽ ഈയൊരു യാഥാർത്ഥ്യബോധം പലരും പ്രകടിപ്പിക്കുന്നില്ല. 1977 വരെയുള്ള കുടിയേറ്റ കർഷകർക്ക് പട്ടയം നൽകാനുള്ള തീരുമാനത്തെ യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളാനും തുറന്നംഗീകരിക്കാനും പരിസ്ഥിതി പ്രവർത്തകരിൽ ആരാണ് തയ്യാറായിട്ടുള്ളത്?

ചിലരെങ്കിലും കോടതി വഴി ചില തടസ്സവാദങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടയം ലഭിക്കാനുള്ള നടപടികൾ തടസ്സപ്പെട്ട അനുഭവങ്ങൾ മലയോരകർഷകർക്ക് പറയാനുണ്ട്. രാഷ്ട്രീയനേതൃത്വം. 1977വരെയുള്ള കുടിയേറ്റങ്ങൾക്ക് പട്ടയം നൽകുമെന്ന് പറയുമ്പോഴും, ഇൻസ്റ്റാൾമെന്റ് വ്യവസ്ഥയിൽ കുറെപ്പേർക്ക് മാത്രം പട്ടയം നൽകുകയും ബാക്കിയാളുകളെ പട്ടയമെന്ന പ്ലാവിലകാണിച്ച് പോളിംഗ് ബൂത്തിലേക്ക് കൊണ്ടുപോകുകയുമാണ് ചെയ്യുന്നത്. പട്ടയദാനം ഒരിക്കലും പൂർത്തിയാക്കാതെ ഇങ്ങനെ നീട്ടികൊണ്ടുപോകുന്നത് രാഷ്ട്രീയ നേട്ടത്തോടൊപ്പം പുതിയ കയ്യേറ്റങ്ങൾക്ക് അവസരമുണ്ടാക്കാൻക്കൂടിയാണെന്ന സത്യമെങ്കിലും മനസ്സിവാക്കി 1977 വരെയുള്ള കുടിയേറ്റക്കാർക്ക് സമയബന്ധിതമായി പട്ടയം നൽകണമെന്ന ഉറച്ച നിലപാട് പരിസ്ഥിതി സംഘടനകളൊന്നും സ്വീകരിച്ചുകാണുന്നില്ല. പരിസ്ഥിതി സംഘടനകൾ അത്തരം നിലപാടെടുക്കാത്തതിനാലാണ് പട്ടയദാനം വൈകുന്നത് എന്നല്ല പറഞ്ഞുവരുന്നത്, മറിച്ച് വസ്തുനിഷ്ഠമായനിലപാട് യഥാസമയം  സ്വീകരിച്ചിരുന്നെങ്കിൽ പരിസ്ഥിതി പ്രവർത്തകരോട് മലയോര ജനതക്ക് ഇന്നുള്ള മനോഭാവത്തിൽ മാറ്റം വരുമായിരുന്നു എന്നാണ്.

പരിസ്ഥിതി സംഘടനകൾ അത്തരം നിലപാടെടുക്കാത്തതിനാലാണ് പട്ടയദാനം വൈകുന്നത് എന്നല്ല പറഞ്ഞുവരുന്നത്, മറിച്ച് വസ്തുനിഷ്ഠമായനിലപാട് യഥാസമയം സ്വീകരിച്ചിരുന്നെങ്കിൽ പരിസ്ഥിതി പ്രവർത്തകരോട് മലയോര ജനതക്ക് ഇന്നുള്ള മനോഭാവത്തിൽ മാറ്റം വരുമായിരുന്നു എന്നാണ്

കേരളത്തിലെ പരിസ്ഥിതി പ്രവർത്തകർ ആർജ്ജിച്ചിട്ടില്ല എന്നതാണ് എന്റെ രണ്ടാമത്തെ നിരീക്ഷണം. ഗാഡ്ഗിൽ റിപ്പോർട്ടിനോട് ഞാനുൾപ്പെടെയുള്ള പരിസ്ഥിതി പ്രവർത്തകർ ഇതുവരെ സ്വീകരിച്ച നിലപാട് തന്നെയാണ് ഈ നിരീക്ഷണത്തിനടിസ്ഥാനം. ഗാഡ്ഗിൽ റിപ്പോർട്ടിനെ സ്വതന്ത്രമായി വിലയിരുത്തുന്നതിനുപകരം, അതിലടങ്ങിയിരിക്കുന്ന ശ്രദ്ധേയവും സ്വീകാര്യവുമായ നിർദ്ദേശങ്ങളിൽ ആവേശം പൂണ്ട് റിപ്പോർട്ടിനൊന്നാകെ സ്തുതിഗീതങ്ങളാലപിച്ച് അതിന് പ്രതിരോധകവചം തീർക്കുന്ന നിലപാടാണ് പരിസ്ഥിതി പ്രവർത്തകർ സ്വീകരിച്ചത്. വ്യത



സ്ത താല്പര്യങ്ങളും വീക്ഷണങ്ങളും നിലനിൽക്കുന്ന ഒരു വലിയ സമൂഹത്തിൽ ഇതുപോലുള്ള വിഷയങ്ങളിൽ, സത്യമാണെങ്കിൽ പോലും അതെങ്ങനെ അവതരിപ്പിക്കുന്നു എന്നത്, ഇക്കാര്യത്തിന് സമൂഹത്തിൽ സ്വീകാര്യത ലഭിക്കുന്നതിനെ സ്വാധീനിക്കുന്ന ഘടകമാണ്. ഗാഡ്ഗിൽ റിപ്പോർട്ടിനെ ആകമാനം ആവേശത്തോടെ വാഴ്ത്തിയപ്പോൾ നമ്മൾ പരിസ്ഥിതി പ്രവർത്തകർ ശ്രദ്ധിക്കാതെ പോയ ചില ഗൗരവമാർന്ന പോരായ്മകളെ മറുപക്ഷം വിദഗ്ദമായും പ്രായോഗിക കൗശലങ്ങളോടെയും വികസിപ്പിച്ചും ദുർവ്യാഖ്യാനം ചെയ്തും നിറം പിടിപ്പിച്ചും ജനമദ്ധ്യത്തിലവതരിപ്പിക്കുകയും റിപ്പോർട്ടിനെതിരെ ജനങ്ങളെ അണിനിരത്തുകയും ചെയ്തു. എന്തൊക്കയാണ് പരിസ്ഥിതി പ്രവർത്തകർ ശ്രദ്ധിയ്ക്കാതെ പോയതും സ്ഥാപിത താല്പര്യക്കാർ ഇന്ധനമാക്കിയതുമായ പോരായ്മകൾ എന്നു നോക്കാം.

ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ച് ഉയർന്ന ഏറ്റവും മൂർച്ചയുള്ള വിമർശനം അത് ജനങ്ങളുടെ അഭിപ്രായം തേടാതെ തയ്യാറാക്കിയതാണെന്നാണ്. ഗാഡ്ഗിൽ കമ്മിറ്റിയെ നിയോഗിച്ചപ്പോൾ സർക്കാർ അതിനു നൽകിയ നിർദ്ദേശങ്ങളിലൊന്ന്, ബന്ധപ്പെട്ട എല്ലാ സംസ്ഥാനഭരണകൂടങ്ങളുടെയും പ്രദേശികവാസികളായ ജനങ്ങളുടെയും പങ്കാളിത്തത്തോടുകൂടി പശ്ചിമഘട്ട സംരക്ഷണത്തിനുള്ള മാർഗ്ഗരേഖകൾ നിർദ്ദേശിക്കുക എന്നതാണ്. എന്നാൽ നിരവധിസംസ്ഥാനങ്ങളിലെ ലക്ഷക്കണക്കിന് കുടുംബങ്ങൾ അധിവസിക്കുന്ന പശ്ചിമഘട്ടത്തെക്കുറിച്ച് നടത്തിയ പഠനത്തിനായി ആകെ നടത്തിയത് നാല് ജനകീയ ചർച്ചകൾ മാത്രമാണെന്ന് വിദഗ്ദസമിതിയംഗമായ ഡോ.വി. എസ്.വിജയൻ തന്നെ പറയുന്നു. ആകെ 35 യോഗങ്ങൾ നടന്നെങ്കിലും അതിൽ നാല് ജനകീയ ചർച്ചകളെ ഉണ്ടായുള്ളു എന്നോർക്കണം. ഇതിൽ നിന്നു തന്നെ ജനാഭിപ്രായങ്ങളോട് സമിതിക്കുണ്ടായിരുന്ന മനോഭാവം വ്യക്തമാണ്. ആ നാലു ചർച്ചകളുടെയും സ്വഭാവമെന്തായിരുന്നു എന്നതും അതിൽ പങ്കെടുത്ത ജനങ്ങൾ പശ്ചിമഘട്ടമേഖലയിലെ ജനസമൂഹത്തിന്റെ പരിഛേദമായിരുന്നോ എന്നൊന്നും അറിയില്ല. പശ്ചിമഘട്ടമേഖലയിൽ ജീവിക്കുന്ന ജനങ്ങളുടെ ഉത്തരവാദിത്വപൂർണ്ണവും ബോധപൂർവ്വകവുമായ പങ്കാളിത്തമില്ലാതെ ഏതു റിപ്പോർട്ട് വന്നാലും, എന്തു നിയമനിർമ്മാണം നടത്തിയാലും, പട്ടാളനടപടി ഉണ്ടായാൽ പോലും പശ്ചിമഘട്ടസംരക്ഷണം അസാധ്യമാണെന്നിരികെ, നാല് ജനകീയ ചർച്ചകൾ കൊണ്ട് മതിയാക്കിയ വിദഗ്ദ സമിതിയുടെ സമീപനം ധിക്കാരപരമാണ്. വൈദഗ്ധ്യം എന്നത് ഇന്നത്തെ സമൂഹത്തിൽ അധികാരം കൂടിയാണ്. വിദഗ്ദസമിതികൾ അധികാരസമിതികൾ തന്നെയാണ്. എന്തുകൊണ്ടെന്നാൽ വിദഗ്ദസമിതി റിപ്പോർട്ടുകളെയാണ് മിക്കപ്പോഴും ഭരണകൂടങ്ങൾ ജനങ്ങൾക്കുമേലുള്ള അധികാരപ്രയോഗം വ്യവസ്ഥാപിതമാക്കാനുള്ള ഉപകരണങ്ങളാക്കുന്നത്. അത്തരമൊരു വിദഗ്ദസമിതിയായ ഗാഡ്ഗിൽ കമ്മിറ്റി പേരിനു മാത്രം ജനകീയ ചർച്ച നടത്തി തങ്ങളുടെ വൈദഗ്ദ്യധാർഷ്ട്യം പ്രകടിപ്പിച്ചതിനെ ജനങ്ങളിൽ പ്രകോപനം സൃഷ്ടിക്കാൻ മറുപക്ഷം അതി

വിദഗ്ദമായി ഉപയോഗപ്പെടുത്തി. പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട ഒരു ഡ്രാഫ്റ്റ് റിപ്പോർട്ട് തയ്യാറാക്കി പ്രാദേശികഭാഷയിൽ ഈ മേഖലയിലെ ഗ്രാമപഞ്ചായത്തുകൾ മുതലുള്ള ഭരണസ്ഥാപനങ്ങൾക്ക് അയച്ചുകൊടുക്കുകയും പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ട് പശ്ചിമഘട്ടത്തിലെ ഓരോജില്ലയിലും ഒന്നോ രണ്ടോ മേഖലാതല സിറ്റിംഗ് നടത്തി നിർദ്ദേശങ്ങൾ സമാഹരിച്ച് അന്തിമറിപ്പോർട്ട്

> സദുദ്ദേശപരമായ ഈ ശുപാർശയിൽ മതിയായ മണ്ണ്-ജല സംരക്ഷണ ഉപാധികൾ സ്വീകരിക്കാതെ 30 ശതമാനത്തിലധികം ചരിവുള്ള പ്രദേശങ്ങളിൽ തന്നാണ്ടുവിളകൾ അനുവദിക്കരുതെന്ന ഒരു ചെറിയമാറ്റം വരുത്തിയിരുന്നെങ്കിൽ, ഇടുക്കി ബിഷപ്പിന് മലയോരത്തിനി ഒരു മൂട് കപ്പ നടാനാവില്ല എന്ന് വിലപിച്ച് ജനങ്ങളെ ഇളക്കാൻ അവസരമുണ്ടാകുമായിരുന്നില്ല

തയ്യാറാക്കിയിരുന്നെങ്കിൽ അത് എത്ര ജനാധിപത്യപരമാകുമായിരുന്നു. സമയക്കുറമൊന്നും ഈ വീഴ്ചക്ക് കാരണമായി ചൂണ്ടിക്കാണിക്കാവുന്ന ന്യായീകരണമല്ല. ഗാഡ്ഗിൽ കമ്മിറ്റി റിപ്പോട്ട് തയ്യാറാക്കുന്ന പ്രക്രിയയിൽ സംഭവിച്ച ഈ ജനാധിപത്യമില്ലായ്മ ചൂണ്ടിക്കാണിക്കാനും അതിൽ പ്രതിഷേധിക്കാനും പരിസ്ഥിതി പ്രവർത്തകർക്ക് ഒരു ഘട്ടത്തിലും കഴിഞ്ഞില്ല.

റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയയിൽ സംഭവിച്ച ഈ വീഴ്ചപോലെ തന്നെ, ഖനന-ടൂറിസം-നിർമ്മാണ ലോബികൾ വിദഗ്ദമായി ജനങ്ങളെ റിപ്പോർട്ടിനെതിരെ അണിനിരത്താൻ ഉപയോഗിച്ച ചില അവ്യക്തതകൾനിറഞ്ഞ ശുപാർശകളും ശ്രദ്ധിക്കേണ്ടതാണ്. അതിലൊന്ന് 30 ശതമാനമത്തിലധികം ചരിവുള്ള പ്രദേശങ്ങളിൽ തന്നാണ്ടു വിളകൾകൃഷി ചെയ്യാൻ അനുവദിക്കരുതെന്ന നിർദ്ദേശമാണ്. സദുദ്ദേശപരമായ ഈ ശുപാർശയിൽ മതിയായ മണ്ണ്-ജല സംരക്ഷണ ഉപാധികൾ സ്വീകരിക്കാതെ 30 ശതമാനത്തിലധികം ചരിവുള്ള പ്രദേശങ്ങളിൽ തന്നാണ്ടുവിളകൾ അനുവദിക്കരുതെന്ന ഒരു ചെറിയമാറ്റം വരുത്തിയിരുന്നെങ്കിൽ, ഇടുക്കി ബിഷപ്പിന് മലയോരത്തിനി ഒരു മൂട് കപ്പ നടാനാവില്ല എന്ന് വിലപിച്ച് ജനങ്ങളെ ഇളക്കാൻ അവസരമുണ്ടാകുമായിരുന്നില്ല. മലയോരത്ത് ഒരേ സ്ഥലത്ത് തുടർച്ചയായി തന്നാണ്ടു വിളകൾ കൃഷിചെയ്യുന്ന ഞാനുൾപ്പെടെയുള്ള ആയിരക്കണക്കിന് കർഷകരുണ്ട്. ഞങ്ങൾ കൃഷി ചെയ്യുന്നത് കയ്യാലവച്ച് തട്ടുകളായി തിരിച്ച് മണ്ണൊലിപ്പ് ഒഴിവാക്കിയിട്ടാണെന്നുമാത്രം. അത്തരം സംർക്കഷണ നടപടികളെടുക്കാതെ തന്നാണ്ടുവിളകൾ കൃഷി ചെയ്താലുണ്ടാവുന്ന പ്രശ്നം ഒരു വിദഗ്ദസമിതിയും ചൂണ്ടിക്കാണിക്കാതെ തന്നെ മനസ്സിലാക്കാനുള്ള വിവരം കർഷകർക്കുണ്ട്. എന്നാൽ പാട്ടത്തിന് സ്ഥലമെടുത്ത് ഇഞ്ചിയും വാഴയും മരച്ചീനിയും കൃഷിചെയ്യുന്നവർ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്താറില്ല. ഈ കാര്യം പ്രത്യേകമായി ചൂണ്ടിക്കാണിച്ച് നിർദ്ദേശങ്ങൾ വച്ചിരുന്നെങ്കിൽ ഇത് സംബന്ധിച്ച് ഒരു വിമർശനവുമുയരില്ലായിരുന്നു.

തന്നാണ്ടുവിളകളുടെ കാര്യത്തിലെ യാഥാർത്ഥ്യബോധമില്ലാത്ത ശുപാർശപോലെ തന്നെയാണ് മൃഗങ്ങളുടെ സഞ്ചാരപാതകൾ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച റിപ്പോർട്ടിലെ പരാമർശങ്ങളും. ഏതൊക്കെ വനമേഖലകൾക്കിടയിൽ എത്രകിലോമീറ്റർ വീതിയിൽ മൃഗങ്ങളുടെ സഞ്ചാരപാതകളൊരുക്കണമെന്നോ, അതിനായി കുടിയൊഴിപ്പിക്കേണ്ടിവരുന്ന കർഷകർക്ക് മാന്യമായ നഷ്ടപരിഹാരം കൊടുക്കണമെന്നോ, തൊട്ടുചേർന്ന് കിടക്കുന്ന കൃഷി ഭൂമിയിലേക്ക് വന്യമൃഗങ്ങൾ കടക്കുന്നതിനെ ഏതുവിധത്തിൽ പ്രതിരോധിക്കണമെന്നോ വ്യക്തമാക്കാതെ ഈ നിർദ്ദേശം വച്ചതോടെ പശ്ചിമഘട്ടത്തിലെവിടെയൊക്കെയോ വന്യമൃഗസംരക്ഷണത്തിനുവേണ്ടി വനങ്ങളുടെ പുനഃസൃഷ്ടിക്കായി കർഷകർ ഒഴിഞ്ഞുപോകേണ്ടിവരുമെന്ന പ്രതീതി സൃഷ്ടിക്കാൻ തൽപ്പരകക്ഷികൾക്ക് എളുപ്പമായി.

അതുപോലെതന്നെയാണ് കെട്ടിട നിർമ്മാണശൈലിയിലെ മാറ്റം പശ്ചിമഘട്ടത്തിനായി മാത്രം ശുപാർശചെയ്തതിലെ വിഢ്ഢിത്തം. മലയോരവാസികൾ കെട്ടിടം പണിയുമ്പോൾ കമ്പിയും സിമന്റും ഉപയോഗിക്കുന്നത് കുറയ്ക്കണം, മറ്റ് മേഖലകളിലുള്ളവർ യഥേഷ്ടം കോൺക്രീറ്റ് കെട്ടിടങ്ങൾ പണിയട്ടെ എന്ന മനോഭാവം പ്രകോപനപരമാണ്. കെട്ടിടനിർമ്മാണശൈലിയിലെ നിയന്ത്രണങ്ങൾ എല്ലാ മേഖലകൾക്കുമായി ശുപാർശ ചെയ്തിരുന്നെങ്കിൽ അതിൽ യുക്തിഭദ്രതയുണ്ട്. ഇടനാട്ടിലും തീരപ്രദേശങ്ങളിലുമുയരുന്ന കോൺക്രീറ്റ് കെട്ടിടങ്ങൾക്കും, റോഡ്-റ

### നിവേദനം നൽകി

ഗാഡ്ഗിൽ കമ്മറ്റി റിപ്പോർട്ട് എത്രയും പെട്ടെന്ന് നടപ്പാക്കണമെന്നുമാവശ്യപ്പെട്ട് 31 പരിസ്ഥിതി സംഘടനകൾ ഗവർണർക്കും മുഖ്യമന്ത്രിക്കും നിവേദനം നൽകി.കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കേരള പ്രകൃതിസംരക്ഷണ ഏകോപനസമിതി, ഗ്രീൻകമ്മ്യൂണിറ്റി, ലോഹ്യ വിചാരവേദി, പ്രകൃതിസംരക്ഷണ സമിതി, പരിസ്ഥിതിസംരക്ഷണ സമിതി, കാസർകോട് ജില്ലാ പരിസ്ഥിതിസമിതി തുടങ്ങി മുപ്പതോളം സംഘടനകളാണ് നിവേദനം നൽകിയത്.



തൃശൂരിലെ കിലയിൽ വച്ച് നടന്ന ഗാഡ്ഗിൽ റിപ്പോർട്ടിനെക്കുറിച്ചുള്ള സെമിനാർ ഇടുക്കി ജില്ലയിൽ നിന്നുള്ള പഞ്ചായത്തംഗങ്ങൾ അലങ്കോലപ്പെടുത്തുന്നു

യിൽവേ ലൈനുകൾക്കും വേണ്ടി പാറപൊട്ടിച്ചെടുക്കുന്നതും മണൽ ഒഴുകിയെത്തുന്നതും ഏറിയപങ്കും മലയോരമേഖലകളിൽ നിന്നായതിനാൽ നിയന്ത്രണം എല്ലായിടത്തേക്കുമായി ശുപാർശ ചെയ്യുകയല്ലേയുക്തി. സാമാന്യജനങ്ങൾക്ക് മനസ്സിലാവുന്ന ഈ യുക്തിരാഹിത്യം, ഗാഡ്ഗിൽ റിപ്പോർട്ട് പൊതുവെ മലയോരവാസികളോട് ചിറ്റമനയം പുലർത്തുന്നഒന്നാണെന്ന പ്രതീതി സൃഷ്ടിക്കാൻ ഉപയോഗിക്കപ്പെട്ടു.

ഒട്ടും ജനാധിപത്യപരമല്ലാത്ത പ്രക്രിയയിലൂടെ ഒട്ടേറെ നല്ല നിർദ്ദേശങ്ങളും കുറെ അവ്യക്തതകളും മുന്നോട്ടുവയ്ക്കുകയും, പശ്ചിമഘട്ട സംരക്ഷണത്തിനായി പശ്ചിമഘട്ട ആവാസവ്യവസ്ഥാ അതോ റിറ്റി, സംസ്ഥാന പശ്ചിമഘട്ട ആവാസവ്യവസ്ഥാ അതോറിറ്റി, ജില്ലാ ആവാസ വ്യവസ്ഥ കമ്മിറ്റി എന്നീ ത്രിതല അധികാര സംവിധാനം രൂപകല്പന ചെയ്യുകയുമാണ് ഗാഡ്ഗിൽ കമ്മിറ്റിയിൽ നിന്നുണ്ടായത്. ഇങ്ങനെയെല്ലാമുള്ള നിർദ്ദേശങ്ങൾ വച്ചിട്ട് ഇനി എല്ലാകാര്യങ്ങളും നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്കും ഗ്രാമസഭകൾക്കുമുണ്ട്, ഒന്നുകൊണ്ടും ഭയപ്പെടേണ്ട എന്ന് മലയോരവാസികളെ സമാശ്വസിപ്പിച്ചിട്ട് കാര്യമില്ല. ഉദ്യോഗസ്ഥമേധാവിത്വവും അഴിമതിയും കൊടികുത്തിവാഴുന്ന കേന്ദ്രീകൃത ഭരണവ്യവസ്ഥ നിലനിൽക്കുന്ന ഈ രാജ്യത്ത് പഞ്ചായത്തുകൾക്കും ഗ്രാമസഭകൾക്കും എന്തധികാരമാണ് പ്രായോഗികമായുള്ളത് എന്ന് ജനങ്ങൾക്ക് നന്നായി അറിയാം. ഗ്രാമപഞ്ചായത്ത് ഭരണത്തിൽ പോലും ഗ്രാമസഭാ തീരുമാനങ്ങൾക്ക് പ്രായോഗികമായി വിലയില്ലാത്ത സാഹചര്യമാണിവിടെയുള്ളത്. ഗ്രാമസഭായോഗങ്ങൾ വീട്, കക്കൂസ്, പശു, കോഴി വിതരണ കാര്യങ്ങളിൽ അഭിപ്രായം പറയാൻ മാത്രമെ ഉപകരിക്കുന്നുള്ളു എന്നത് മനസ്സിലാക്കിയിട്ടുള്ളവരാണ് ജനങ്ങൾ. സ്വന്തം ഗ്രാമസഭകളിൽ പങ്കെടുക്കാനുള്ള സമയം ഉണ്ടാവാൻ സാധ്യതയില്ലാത്ത വിദഗ്ദൻമാർക്ക് ഗ്രാമസഭകൾ സംബന്ധിച്ച് കാൽപ്പനികമായ ധാരണകളാവുമുണ്ടാവുക. ജനങ്ങൾക്കങ്ങനെയല്ലല്ലോ.

പൊതുവിൽ സ്വീകര്യമെങ്കിലും ഗാഡ്ഗിൽ റിപ്പോർട്ടിന്റെ ഇവിടെ സൂചിപ്പിച്ചതുപോലുള്ള പരിമിതികൾ യഥാസമയം ചൂണ്ടിക്കാണിക്കാൻ കഴിയാതെ പോയതാണ് കേരളത്തിലെ പരിസ്ഥിതി പ്രവർത്തകർക്ക് പറ്റിയ വീഴ്ചയെന്ന് ഞാൻ കരുതുന്നു. ഇത്തരം കാര്യങ്ങളിൽ സൂക്ഷ്മതയോടെ സ്വതന്ത്രവും ജനപക്ഷത്തു നിൽക്കുന്നതുമായ നിലപാടെടുത്തുകൊണ്ടെ ഇനി മുന്നോട്ടുപോകാനാവു. ഇന്നത്തെ നിലയ്ക്ക് ഗാഡ്ഗിൽ റിപ്പോർട്ടിനെ കണ്ണടച്ച് പിന്തുണച്ചുകൊണ്ട് പരിസ്ഥിതി പ്രവർത്തകരും, ഗാഡ്ഗിൽ റിപ്പോർട്ടിനെയും കസ്തൂരിരംഗൻ റിപ്പോർട്ടിനെയും കണ്ണടച്ച് എതിർത്തുകൊണ്ട് മലയോര കർഷകരും മുന്നോട്ട് പോയാൽ പശ്ചിമഘട്ട സംരക്ഷണവിചാരങ്ങൾ പരാജയപ്പെടുകയും കർഷകർവഞ്ചിക്കപ്പെടുകയുമാവും ഫലം. ഇതിനിടയിൽ വിജയിക്കുന്നത് ഖനന-ടൂറിസം-നിർമ്മാണ ലോബികൾ മാത്രമാകും.പരിസ്ഥിതിസംരക്ഷണം എന്നത് ഒരു അക്കാഡമിക് സബ്ജറ്റായി മാത്രം കാണുന്നവരെ സംബന്ധിച്ചിടത്തോളം ജനങ്ങളോ ജനങ്ങളുടെ വികാരങ്ങളോ പരിഗണനന അർഹിക്കുന്ന കാര്യമല്ലായിരിക്കാം. പരിസ്ഥിതി സംരക്ഷണം ജനങ്ങളുടെ പങ്കാളിത്തമില്ലാതെ അസാധ്യമാണെന്ന് യാഥാർത്ഥ്യബോധമുള്ളവർ ജനസമൂഹത്തെ ശരിയായി മനസ്സിലാക്കികൊണ്ടുവേണം മുന്നോട്ടുപോകാൻ.

പരിസ്ഥിതി പ്രവർത്തകർക്കും മലയോര കർഷകർക്കും ഒരുപോലെ സ്വീകാര്യമാകാവുന്ന കാര്യങ്ങളെക്കുറിച്ച് സമചിത്തതയോടെയും പക്വതയോടെയും കൂടിയാലോചനകൾ നടത്തേണ്ട സമയമായിരിക്കുന്നു. പരിസ്ഥിതി പ്രവർത്തകർ വിനയത്തോടെയും സത്യസന്ധതയോടെയും സ്വന്തം നിലപാടുകളെയും പ്രവർത്തന ശൈലികളെയും വിലയിരുത്തി ഇത്തരമൊരു കൂടിയാലോചനയ്ക്ക് മുൻകൈയെടുക്കേണ്ട സമയമാണിതെന്ന് എനിക്ക് തോന്നുന്നു. പരിസ്ഥിതി പ്രവർത്തകരിൽ ആർക്കെങ്കിലുമൊക്കെ അങ്ങനെ തോന്നുന്നുണ്ടാവുമെന്നാണെന്റെ വിചാരം. ■

## വീണ്ടും ഇടയലേഖനം

ഗാഡ്ഗിൽ, കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടുകൾക്കെതിരെ സീറോ മലബാർ സഭയുടെ ഇടുക്കി, കാഞ്ഞിരപ്പിള്ളി രൂപതകളിലെ പള്ളികളിൽ നവംബർ 10 ഞായറാഴ്ച വീണ്ടും ഇടയലേഖനം പുറത്തിറങ്ങി. റിപ്പോർട്ടുകളിലെ അപാകതകൾ പരിഹരിക്കുകയും പട്ടയം ലഭിക്കാനുള്ളവർക്ക് സമയപരിധിക്കുള്ളിൽ പട്ടയം നൽകുകയും ചെയ്തില്ലെങ്കിൽ സർക്കാറിനെതിരെ പ്രത്യക്ഷസമരം നടത്തുമെന്ന് ഇടലേഖനം പറയുന്നു.